## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4114 — 18.10.11-ൽ താല്ക്കാലിക മറുപടി നൽകിയത് (അന്തിമ മറുപടി)

### വടക്കാഞ്ചേരി റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട വടക്കാഞ്ചേരി റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചതെപ്പോഴാണ്; | (എ) | 2007-ൽ ആരംഭിച്ചു. |
| (ബി) | ഈ മേൽപ്പാലത്തോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നടത്തേണ്ട അപ്രോച്ച് റോഡ് തുടങ്ങിയവയുടെ നിർമ്മാണം എന്നാണ് പൂർത്തിയാക്കിയതെന്നും അതിലേക്ക് ചെലവഴിച്ചതുക എത്രയാണെന്നും പറയാമോ ; | (ബി) | 31.03.2003-ൽ എസ്റ്റിമേറ്റ് പി.എ.സി - 2,94,63,830 രൂപ. |
| (സി) | റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് റയിൽവേയുടെ അനുമതി എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ ; | (സി) | 2006-ൽ |
| (ഡി) | പ്രസ്തുത നിർമ്മാണത്തിന് റയിൽവേയ്ക്ക് സംസ്ഥാന സർക്കാർ എത്ര തുക കെട്ടിവച്ചിട്ടുണ്ടെന്നും എപ്പോഴാണ് കെട്ടിവച്ചതെന്നും വ്യക്തമാക്കാമോ ; | (ഡി) | 2,42,22,729 രൂപ. യഥാക്രമം 6/2004-ൽ 19.00 ലക്ഷം, 2/2005-ൽ 22.10 ലക്ഷം, 16.06.2007-ൽ 58.90 ലക്ഷം, 29.01.2008-ൽ 142.23 ലക്ഷം എന്ന ക്രമത്തിലാണ് തുക കെട്ടിവച്ചിട്ടുള്ളത്. |
| (ഇ) | ഈ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | (ഇ) | ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | കാലതാമസം ഒഴിവാക്കി ഈ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (എഫ്) | 31.03.2012-ന് മുൻപ് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ